കടൽഭിത്തി നിർമ്മാണം

92 [279] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ കടൽത്തീരമാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ ജില്ലയിലും കടൽഭിത്തി എത്ര കിലോമീറ്റർ വീതമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സുനാമി ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ കടൽത്തീരങ്ങളിലും കടൽഭിത്തി നിർമ്മിക്കാൻ സർക്കാർ മുൻഗണന നൽകുമോ;

(ഡി) കാസർഗോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം ഏതെല്ലാം ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഇ) ജില്ലയിലെ കടൽഭിത്തിയുടെ പൂർത്തീകരണത്തിന് എത്ര രൂപ ചെലവാകുമെന്നും എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഉള്ള കടൽത്തീരത്തിന്റെ നീളവും കടൽഭിത്തി നിർമ്മിക്കപ്പെട്ടതിന്റെ നീളവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

ജില്ല	*കടൽത്തീരത്തിന്റെ നീളം (കിലോമീറ്ററിൽ)*	*നിർമ്മിച്ച കടൽഭിത്തിയുടെ നീളം (കിലോമീറ്ററിൽ)*
തിരുവനന്തപുരം	69.40	28
കൊല്ലം	69.10	61
ആലപ്പുഴ	54.20	39.85
എറണാകുളം	45.30	45
തൃശ്ശൂർ	58.60	30.45
മലപ്പുറം	50.20	31
കോഴിക്കോട്	78.00	42.60
കണ്ണൂർ	53	36.50
കാസർഗോഡ്	82	17.40

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഏറ്റവും അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കേണ്ട സ്ഥലങ്ങളായ കൊല്ലം ജില്ലയിലെ തറയിൽകടവ്, ആറാട്ടുപുഴ, ജയന്തി കോളനി, ചെറിയഴീക്കൽ, ആലപ്പുഴ ജില്ലയിലെ അന്ധകാരനാഴി, ഒറ്റമശ്ശേരി, പട്ടണക്കാട്, കുത്തിയതോട്, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട ജില്ലാ ആശുപത്രിക്ക് വടക്കുഭാഗം എന്നിവിടങ്ങളിൽ സുനാമി ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കടൽഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണവും പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ജില്ലയിലെ കടൽഭിത്തിയുടെ പൂർത്തീകരണത്തിന് ഉദ്ദേശം 3,211 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ചേ പണികൾ ഏറ്റെടുത്തു നടത്താനാകൂ.

ആലപ്പാട് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം

93 [280] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട് പ്രദേശത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ ഇനിയും കടൽഭിത്തി നിർമ്മിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ എത്ര കിലോമീറ്റർ പ്രദേശത്ത് കടൽഭിത്തി നിർമ്മാണം പൂർത്തിയായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇനിയും കടൽഭിത്തി നിർമ്മിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ ഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശം അറിയിക്കാമോ;

(ഡി) അടുത്ത ഒരു വർഷത്തിനുള്ളിൽ എത്ര കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പാട് പഞ്ചായത്തിലെ അഴീക്കലിൽ (ജയന്തി കോളനി) 380 മീറ്റർ നീളത്തിലും ചെറിയഴീക്കൽ ഫിഷിംഗ് ഗ്യാപ്പിൽ 120 മീറ്റർ നീളത്തിലും പഞ്ചാരത്തോപ്പിൽ 500 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്.

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആലപ്പാട് പഞ്ചായത്തിൽ 2.215 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി ആന്റ് ഡി) ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനിയിൽ 380 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ചെറിയഴീക്കലിൽ 120 മീറ്റർ നീളത്തിൽ ഫിഷിംഗ് ഗ്യാപ്പ് അടയ്ക്കുന്നതിനും ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly